# Press Release

PR . 46/2019 22.03.2019

## ജലസംരക്ഷണം ഭരണഘടനാപരമായ കർത്തവ്യം: ഗവർണർ

ജലസംരക്ഷണം ഭരണഘടനാപരമായി രാജ്യത്തെ ഓരോ പൗരന്റെയും കർത്തവ്യമാണെന്ന് സംസ്ഥാന ഗവർണർ പി. സദാശിവം അഭിപ്രായപ്പെട്ടു. ആർട്ടിക്കിൾ 51 -എ പ്രകാരം വനം, തടാകങ്ങൾ, നദികൾ, വന്യജീവികൾ, ജീവജാലങ്ങൾ എന്നിവയുടെ സംരക്ഷണവും ഉന്നമനവും ഓരോ പൗരന്റെയും അടിസ്ഥാന കർത്തവ്യമാണ്. സ്കൂൾതലം മുതൽ ഇതിന് വ്യാപകമായ പ്രചരണം നൽകേണ്ടത് ആവശ്യമാണ്. സംസ്ഥാന ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോകജലദിനത്തിന്റെയും സെമിനാറിന്റെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു ഗവർണർ. ജലവിഭവവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ബിശ്വാസ് മേഹ്ത്തയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് കനകക്കുന്നിലായിരുന്നു ഏകദിന ചടങ്ങ് സംഘടിപ്പിച്ചത്.

ശുദ്ധജലത്തിന്റെ ദൗർലഭ്യം അതിഗൗരവമായി ഐക്യരാഷ്ട്രസഭ പരിഗണിക്കുകയും 1992 മുതൽ മാർച്ച് 22 ലോകജലദിനമായി ആചരിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്യുകയായിരുന്നുവെന്ന് ഗവർണർ സൂചിപ്പിച്ചു. "എല്ലാവർക്കും ജലം" എന്ന ആശയത്തിന്റെ അർത്ഥം എല്ലാ ജനങ്ങൾക്കും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്നതാണ്. ഭാരതീയ സംസ്കാരം ജലത്തിന് ഒരു പുണ്യ പരിവേഷമാണ് നൽകിയിട്ടുള്ളത്. എന്നാൽ എത്രമാത്രം അപകടകാരിയായി ജലം മാറുമെന്നതും നമ്മൾ ഇക്കഴിഞ്ഞ പ്രളയത്തിൽ ദർശിച്ചതാണെന്ന് ഗവർണർ ഓർമ്മപ്പെടുത്തി. 44 നദികളും കൂടാതെ കായലുകളും, ശുദ്ധജലതടാകങ്ങളും ഏകദേശം ഇരുപതിനായിരത്തോളം പൊതുജലാശയങ്ങളും സംസ്ഥാനത്ത് ഉണ്ടെങ്കിലും മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടൽ കാരണം ശുദ്ധജലത്തിന്റെ ദൗർലഭ്യം എല്ലാവരും അനുഭവിക്കുന്നുണ്ട്. ഭൂഗർഭജലനി

രപ്പ് നിലനിർത്തുന്നതിനും അമിതജലം താങ്ങിനിർത്തുന്നതിനും മേൽമണ്ണ് പ്രത്യേക പങ്ക് വഹിക്കുന്നു.

ശുദ്ധജലത്തിന്റെ ശാശ്വത ലഭ്യത ഉറപ്പുവരുത്തുന്നതിൽ സംയോജിത മാർഗ്ഗങ്ങൾ നാം അവലംബിക്കേണ്ടതുണ്ട്. കൃഷിയ്ക്കും വ്യവസായത്തിനും ജലം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്. ഇതിനായി കൂടുതൽ ജലസംഭരണികളും, റീച്ചാർജ്ജ് സംവിധാനങ്ങളും നാം നിർമ്മിക്കേണ്ടതുണ്ടെന്നും ഗവർണർ അഭിപ്രായപ്പെട്ടു. ജലദൗർലഭ്യത്തിന് നടപടികൾ സ്വീകരിച്ചില്ലെങ്കിൽ 2030 ഓടെ ദശലക്ഷക്കണക്കിന് ആളുകളെ ഉഷ്ണമേഖലാ ഉപോഷ്ണമേഖലാ പ്രദേശങ്ങളിൽ നിന്നും മാറ്റപ്പെടുമെന്ന് യു.എൻ മുന്നറിയിപ്പു നൽകിയിട്ടുള്ളതായും ഗവർണർ അറിയിച്ചു.

ചടങ്ങിൽ ജലദിനത്തിന്റെ പ്രതിജ്ഞ ഗവർണർ എല്ലാവർക്കുമായി ചൊല്ലിക്കൊടുത്തു. നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. ശ്രീനിവാസൻ മുഖ്യപ്രഭാഷണം നടത്തി. ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ കെ. ഗോപാലകൃഷ്ണൻ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് റീജിയണൽ ഡയറക്ടർ വി. കുഞ്ഞമ്പു എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. ഭൂഗർഭ ജലവിഭവ വകുപ്പ് ഡയറക്ടർ ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ് ചടങ്ങിന് സ്വാഗതവും ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ കെ.എ. ജോഷി ചടങ്ങിന് നന്ദിയും അിറയിച്ചു. തുടർന്ന് നെതർലാൻഡിലെ സംയോജിത ജലവിഭവ സംരക്ഷണ മാതൃകകളെക്കുറിച്ച് ആംസ്റ്റർഡാം ഡച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് മിഷനിലെ ഡോ. സൈമൺ വാർമർ സെമിനാർ നയിക്കുകയുണ്ടായി.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**